# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ.ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ, തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
KNRKWB
E-mail: info@pravasikerala.org www.pravasikerala.org

---

**<u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം</u>**

**<u>(ഹാജർ: ശ്രീമതി. ഗീതാലക്ഷ്മി എം ബി )</u>**

**<u>ഉത്തരവ് നമ്പർ: KNRKWB/27/2025-S18,തീയതി:</u>** 14/02/2025

വിഷയം : കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് –പ്രവാസി ക്ഷേമ നിധി- സീമാൻ (Seaman)- വിഭാഗത്തിൽ പെട്ടവർക്ക് അംഗത്വം നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: ഓൾ കേരള സീമെൻസ് അസോസിയേഷൻ (AKSA) ജനറൽ സെക്രട്ടറി ശ്രീ സലിം വി പറമ്പത്ത് 14.01.2025 ൽ നൽകിയ കത്ത്.

1) 2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട്- ലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി ക്ഷേമ നിധിയിൽ 1 A, 1 B, 2 A എന്നീ മൂന്നു വിഭാഗങ്ങളിലായി പ്രവാസി കേരളീയർക്ക് അംഗത്വം നൽകി വരുന്നുണ്ട്. ഇവയിൽ 1A - പ്രവാസി കേരളീയൻ (വിദേശം), 1 B (വിദേശത്തു നിന്നും മടങ്ങി വന്നവർ) എന്നീ രണ്ടു വിഭാഗങ്ങളിലായാണ് സീമെൻ (SEAMEN ) ഗ്രൂപ്പിൽപെടുന്നവർക്ക് അംഗത്വം നൽകി വരുന്നത്. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലിൽ ജോലിചെയ്യുന്നവർ /വിദേശ രാജ്യങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലിൽ ജോലിചെയ്യുന്നവർ/ മർച്ചന്റ് നേവിയിൽ നിന്നും 2 വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയവർ എന്നിവരാണ് ഈ ക്യാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

2) എന്നാൽ സീമെൻ വിഭാഗത്തിൽ പെട്ടവർ, 1 A, 1 B വിഭാഗം എന്നിവക്കുള്ള അപ്ലിക്കേഷൻ ഫോം മുഖാന്തിരം അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുമ്പോൾ, അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ ഏതെല്ലാമാണെന്നു സംബന്ധിച്ച വിശദീകരണം കൂടി ഉൾപ്പെടുത്തി ' UPLOAD DOCUMENT' ഓപ്ഷനിൽ മാറ്റം വരുത്തണം എന്ന് പരാമർശ കത്ത് പ്രകാരം സീമെൻസ് അസോസിയേഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

3) മേൽ വിവരിച്ച സാഹചര്യത്തിൽ 'സീമെൻ ' വിഭാഗത്തിൽ പെട്ടവർക്കു കൂടി പ്രവാസി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനു സഹായകരമാകുന്ന വിധത്തിൽ, പ്രവാസി കേരളീയ ക്ഷേമ നിധി സോഫ്റ്റ്വെയറിൽ ചുവടെ ചേർത്തിരിക്കുന്ന മാറ്റങ്ങൾ കൂടി വരുത്തേണ്ടതാണ്

എന്ന് ഉത്തരവാകുന്നു.

പുതിയ അംഗത്വ രജിസ്ട്രേഷന്റെ ഒന്നാം പേജിൽ കാറ്റഗറി (1 എ, 1 ബി, 2 എ ) സെലക്ട് ചെയ്യുന്ന സ്ഥാനത്തിന് മുകളിലായി സീമെൻമാർക്കായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശം നൽകേണ്ടതാണ്.

1. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലിൽ ജോലിചെയ്യുന്നവർ /വിദേശ രാജ്യങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലിൽ ജോലിചെയ്യുന്നവർ - 1 എ വിഭാഗം
2. മർച്ചന്റ് നേവിയിൽ നിന്നും 2 വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയവർ - 1 ബി വിഭാഗം.

4) സീമെൻ വിഭാഗത്തിൽ നിന്നും ക്ഷേമ നിധി അംഗത്വത്തിന് ബന്ധപ്പെട്ട വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകർ ഉപയോഗിക്കേണ്ട ഫോറം | കാറ്റഗറി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1. | ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലിൽ ജോലി ചെയ്യുന്നവർ | 1A | 1. പാസ്സ്പോർട്ടിലെ ജനന തീയതി , മേൽ വിലാസം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>2. Continuous Discharge Certificate ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. അപേക്ഷിക്കുന്ന വ്യക്തിയുടെ പാസ് പോർട്ട് സൈസ് ഫോട്ടോ . ഒപ്പ്. |
| 2. | വിദേശ രാജ്യങ്ങളിൽ രജിസ്റ്റർ | 1A | 1. പാസ്സ്പോർട്ടിലെ ജനന തീയതി , മേൽ വിലാസം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള |

| | | | |
|---|---|---|---|
| | ചെയ്തിട്ടുള്ള കപ്പലിൽ ജോലി ചെയ്യുന്നവർ | | പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>2. Seamen Identification Card ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. അപേക്ഷിക്കുന്ന വ്യക്തിയുടെ പാസ് പോർട്ട് സൈസ് ഫോട്ടോ , ഒപ്പ്. |
| 3. | മർച്ചന്റ് നേവിയിൽ നിന്നും 2 വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനം അനുഷ്ഠിച്ച ശേഷം വിരമിച്ച ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസം ആക്കിയവർ. | 1 B | 1. പാസ്സ്പോർട്ടിലെ ജനന തീയതി , മേൽ വിലാസം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>2. രണ്ടു വർഷത്തിൽ കൂടുതൽ സീമെൻ ആയിരുന്നു എന്ന് തെളിയിക്കുന്ന Continuous Discharge Certificate ന്റെ അല്ലെങ്കിൽ Seamen Identification Record ലെ ബന്ധപ്പെട്ട പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് .<br>3. രണ്ടു വർഷത്തിൽ കൂടുതൽ മർച്ചന്റ് നേവിയിൽ ജോലി ചെയ്തു തിരിച്ചു വന്നു നാട്ടിൽ സ്ഥിരതാമസം ആണെന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ / തദ്ദേശ സ്വയം |

| | | | |
|---|---|---|---|
| | | | ഭരണ സ്ഥാപനത്തിന്റെ president/secretary/ഒരു ഗസറ്റഡ് ഓഫീസർ / നിയമസഭാ അംഗം / പാർലമെന്റ് അംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ, നിർദിഷ്ട ഫോമിൽ ഉള്ള സാക്ഷ്യ പത്രം. (പകർപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്)<br>4. അപേക്ഷിക്കുന്ന വ്യക്തിയുടെ പാസ് പോർട്ട് സൈസ് ഫോട്ടോ . ഒപ്പ് |
| | | | |

Signed by
Geetha Lekshmi M B
Date: 14-02-2025 14:48:12

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ( തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട്)
2. എല്ലാ ഡയറക്ടർമാർക്കും
3. മാനേജർ (ഫിനാൻസ്)
4. ശ്രീ. സലിം വി പറമ്പത്ത് , ജനറൽ സെക്രട്ടറി, ഓൾ കേരള സീമെൻസ് അസോസിയേഷൻ (AKSA)
5. ഐ ടി മാനേജർ, ( സോഫ്റ്റ്വെയറിൽ മാറ്റം വരുത്തുന്നതിനായി )
6. പബ്ലിക് റിലേഷൻ ഓഫീസർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
7. CA To CEO/ Chairman
8. അക്കൗണ്ട്സ് സെക്ഷൻ
9. ഓഫീസ് കോപ്പി